## കേരള സംസ്ഥാന ജലസേചന വകുപ്പ്

## ആർ.ബി.സി. ജലസേചന ഉപവിഭാഗം, കൊഴിഞ്ഞാമ്പാറ

നമ്പർ : DB /312/2017-18

തിയ്യതി :09/02/2018

### ദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി കൊഴിഞ്ഞാമ്പാറ ആർ.ബി.സി ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി 2018 ഫെബ്രുവരി 20 -ാം തിയ്യതി വൈകിട്ട് 5.00 മണിവരെ മൽസരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ താഴെ ഒപ്പിട്ടിട്ടുള്ള അധികാരിയുടെ ഓഫീസിൽ 21 ാം തീയതി, ഉച്ചക്ക് 2.30 മണിക്ക് അസിസ്റ്റന്റ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദാംശങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 2018 ഫെബ്രുവരി 15 ാം തിയ്യതി ഉച്ചക്ക് 1 മണി വരെ ഓഫീസ് സമയങ്ങളിൽ രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ജലസേചന വകുപ്പിലെ അംഗീകൃത കരാറുകാർക്കു മാത്രമേ ലഭിക്കുകയുള്ളൂ. കരാറുകാരൻ ' ഡി 'ക്ലാസും അതിനു മുകളിലുമുള്ളവരായിരിക്കണം.ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടില്ലാത്തതാകുന്നു. ആവശ്യമായ നിരതദ്രവ്യം നിയമാനുസൃതമായ രീതിയിൽ കെട്ടിവെച്ച് രേഖകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ചാർത്തേണ്ടതാകുന്നു. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും ദർഘാസ്പ്രമാണങ്ങളുടെ വില അടച്ചാൽ യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസുകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കുകയുള്ളു. കൊറിയർ സർവ്വീസ് മുഖേന അയക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. തപാൽ തകരാറുകൾ മൂലമോ മറ്റോ കാലതാമസം വന്നാൽ ഈ ഡിപ്പാർട്ട്മെന്റിനു യാതൊരു ഉത്തരവാദിത്വവും ഇല്ല. 20/02/2018 വൈകിട്ട് 5.00 മണിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും ദർഘാസ് കവറിനു പുറത്ത് പ്രവർത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്യാത്തതും നിരസിക്കുന്നതാണ്

കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. ഓരോ പ്രവർത്തിക്കും സമർപ്പിക്കുന്ന ദർഘാസ് പ്രമാണങ്ങളോടൊപ്പം 200/- രൂപയിൽ കുറയാത്ത മുദ്രപത്രത്തിന്റെ പ്രാഥമിക ഉടമ്പടി ടൈപ്പ് ചെയ്ത് പൂരിപ്പിച്ച് അടക്കം ചെയ്യേണ്ടതും അല്ലാത്തവ നിരസിക്കുന്നതുമായിരിക്കും കൂടാതെ കാലാകാലങ്ങളിൽ ഗവൺമെന്റ് നിഷ്കർഷിക്കുന്ന നിയമങ്ങൾക്കും നികുതികൾക്കും വിധേയമായിരിക്കും.

ആർ.ബി.സി.ജലസേചന ഉപവിഭാഗം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

കാര്യാലയം, കൊഴിഞ്ഞാമ്പാറ.

*Assistant Executive Engineer*
*R.B.C. Sub Division*
*Kozhinjampara*

ഡി.രാജൻ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(കേരളഗവർണ്ണർക്കു വേണ്ടി)

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date :.........................
Kozhinjampara - 678555.
R.B.C. SUB DIVISION

ജലവിഭവ വകുപ്പ്

വിൻഡോ നമ്പർ : DB /312/2017-18 തീയതി : 09.02.2018

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,**

**ആർ.ബി.സി.ജലസേചന ഉപവിഭാഗം, കൊഴിഞ്ഞാമ്പാറ**

**ദർഘാസ്**

ആർ.ബി.സി. സബ് ഡിവിഷൻ, കൊഴിഞ്ഞാമ്പാറയ്ക്ക് കീഴിലുള്ള 2017-18 വർഷത്തെ കേടുപാട് സംഭവിച്ച പാറുഅമ്മൻചളള ബ്രാഞ്ച് കനാലിലെ (ചെയിനേജ് 100) വെൽ ഡ്രോപ്പ് നന്നാക്കലും ആർ.ബി.മെയിൻ കനാലിലെ ചോർച്ച തടയലും

| | |
|---|---|
| ആകെ പ്രവൃത്തികൾ | : 2 എണ്ണം |
| നിരതദ്രവ്യം | : 3750/-രൂപ, 7500/- രൂപ, |
| അടങ്കൽ തുക | : രൂപ 4.5 ലക്ഷം |
| ദർഘാസ് പ്രമാണത്തിന്റെ വില | : 500 രൂപ+നികുതി,600 രൂപ+നികുതി |
| ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്നത് | : 15.02.2018 ഉച്ചക്ക് 1.00 മണി വരെ |
| ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്നത് | : 20.02.2018 വൈകിട്ട് 5.00 മണിവരെ |
| ദർഘാസ് പ്രമാണങ്ങൾ തുറക്കുന്നത് | : 21.02.2018 ഉച്ചയ്ക്ക് 2.30 മണിക്ക് |

ഡി.രാജൻ

Assistant Executive Engineer
R.B.C. Sub Division
Kozhinjampara

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ

ആർ.ബി.സി. സബ് ഡിവിഷൻ,

കൊഴിഞ്ഞാമ്പാറ

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date :..................................
Kozhinjampara - 678555.
★ RBC SUB DIVISION ★

| ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | ദർഘാസ് വില | കാലാവധി |
|---|---|---|---|
| 04/17-18 | CPP-MRBC പ്രധാന കനാലിലെ **ch.12500**-ൻെറ ചോർച്ച തടയലുമായി ബന്ധപ്പെട്ട പ്രവർത്തികൾ<br><br>അടങ്കൽ തുക : 1.50 ലക്ഷം<br>നിരതദ്രവ്യം : 3,750/- | 500+ നികുതി | 3 മാസം |
| 05/17-18 | CPP-MRBC- പാറുഅമ്മൻച്ചളള ബ്രാഞ്ച് കനാലിൽ **ch.100** മീറ്ററിനു സമീപമുള്ള well drop നന്നാക്കുന്ന പ്രവർത്തികൾ<br><br>അടങ്കൽ തുക : 3.00 ലക്ഷം<br>നിരതദ്രവ്യം : 7,500/- | 600+ നികുതി | 3 മാസം |

Assistant Executive Engineer
R.B.C. Sub Division
Kozhinjampara

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ

ആർ.ബി.സി. സബ് ഡിവിഷൻ,

കൊഴിഞ്ഞാമ്പാറ

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date :.................................
Kozhinjampara - 678555.
* RBC SUB DIVISION *